കനകമല-മാടായിക്കോണം റോഡ്

449 [641] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ കനകമല-മാടായിക്കോണം ഭാഗത്തുള്ള പൊതുമരാമത്ത് വക പാലം തകർന്നുവീണ് ഗതാഗതയോഗ്യമല്ലാതായിതീർന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും എന്തുകൊണ്ടാണ് പുതുക്കി പണിയാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) മേല്പറഞ്ഞ പാലം ഉടൻ പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലം പുതുക്കി പണിയാൻ ട്രയൽബോറിംഗ് ഉൾപ്പെടെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ട്. ഇക്കാര്യം ത്വരിതപ്പെടുത്തുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) പാലം പുതുക്കിപ്പണിയുന്നതിനു വിശദമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിനാൽ പാലം പണി ഉടനെ ഏറ്റെടുത്തു നടത്തുവാൻ നിർവാഹമില്ല.

ചാലച്ചിറ തോടിന് കുറുകെയുള്ള പാലം

450 [642] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചാലച്ചിറതോടിന് കുറുകെയുള്ള പാലം അപകടത്തിലായിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം പൂർണ്ണമായി പുതുക്കി പണിയുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പാലം അപകട നിലയിലല്ലാത്തതിനാൽ അത് പൂർണ്ണമായി പുതുക്കിപ്പണിയുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

അഡൂർ പുഴയ്ക്ക് പള്ളംഗോഡ് എന്ന സ്ഥലത്തെ പാലം പണി

451 [643] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ദേലംപാടി പഞ്ചായത്തിൽ അഡൂർ പുഴയ്ക്ക് പള്ളംഗോഡ് എന്ന സ്ഥലത്ത് പാലം പണിയുന്നതിന് നടപടി എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പാലം പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

മരാമത്ത് പണി ചെയ്ത ഇനത്തിൽ കൊടുത്തുതീർത്ത തുക

452 [644] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം 1985-86-ൽ ഫെബ്രുവരി 28 വരെ പൊതുമരാമത്ത് പണിചെയ്ത ഇനത്തിൽ കൊടുത്തു തീർത്ത തുക എത്ര യെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് 1984-85 സാമ്പത്തിക വർഷം അവസാനത്തിൽ കൊടുത്തു തീർക്കാനുണ്ടായിരുന്നതിനേക്കാൾ കൂടുതലാണോ കുറവാണോ ? അതിന്റെ വ്യത്യാസം വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാഷണൽ ഹൈവേ, ബ്രിഡ്ജസ് ആൻഡ് റോഡ്സ് എന്നീ വിഭാഗങ്ങളിലായി മൊത്തം 63.69 കോടി രൂപ കൊടുത്തുതീർത്തു.

(ബി) 1984-85 അവസാനം കൊടുത്തുതീർക്കാനുണ്ടായിരുന്നത് 28.89 കോടി രൂപ ആയിരുന്നതിനാൽ ഇതു കൂടുതലാണ്. വ്യത്യാസം 34.80 കോടി രൂപ (63.69—28.89)

വെള്ളപ്പൊക്കനിവാരണ പദ്ധതിയനുസരിച്ച് പുനർനിർമ്മാണം നടത്തിയ റോഡുകൾ

453. [645] ശ്രീ. കെ. ടി. കണാരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കുമാരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കനിവാരണ പദ്ധതി അനുസരിച്ച് കേരളത്തിലാകെ എത്ര കിലോമീറ്റർ റോഡുകൾ പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മാണം നടത്തിയിട്ടുണ്ട് ;

(ബി) ഓരോ ജില്ലയിലും എത്ര കിലോമീറ്റർ റോഡുവീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 769.064 കിലോമീറ്റർ.

(ബി) വ്യക്തമാക്കാം. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ജില്ല	കിലോമീറ്റർ
തിരുവനന്തപുരം	55.000
കൊല്ലം	45.600
പത്തനംതിട്ട	49.440

LIBRARY ARCHIVES Kerala Legislative Assembly